കൾക്കും ഇപ്പോൾ നൽകിവരുന്ന പൂർണ്ണമായ സ്റ്റാമ്പ് ഡ്യൂട്ടി ഇളവ് പിൻവലിക്കുകയായിരിക്കും അഭികാമ്യമെന്ന് ശുപാർശ ചെയ്തിട്ടുണ്ട്.

(ഡി) ഉണ്ട്. എന്നാൽ കഴിഞ്ഞ വർഷത്തേക്കാൾ ഈ വർഷം വരുമാനം കൂടിയിട്ടുണ്ട്.

**44 (1493) കെ.എഫ്.സി. യിലെ ഒഴിവുകൾ**

ശ്രീ. എം.വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള ഫിനാൻഷ്യൽ കോർപ്പറേഷനിൽ ജൂനിയർ അസിസ്റ്റന്റ് തസ്തികയിലേക്ക് പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ;

(ബി) ഈ റാങ്ക് ലിസ്റ്റ് എന്നാണ് നിലവിൽവന്നത്;

(സി) വിജ്ഞാപനം പുറപ്പെടുവിക്കുമ്പോൾ പ്രസ്തുത തസ്തികയിൽ എത്ര ഒഴിവുകൾ ഉണ്ടായിരുന്നു;

(ഡി) ഇതുവരെയായി എത്ര നിയമനം നടന്നിട്ടുണ്ട്;

(ഇ) ഇനി എത്ര ഒഴിവുകൾ പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്യുവാനുണ്ട്;

(എഫ്) നിയമനം ലഭിച്ചവരിൽ ജോലിക്ക് ഹാജരാകാത്തവരും മറ്റു ജോലി ലഭിച്ചുപോയവരുമായി എത്രപേരുണ്ട്;

(ജി) പ്രസ്തുത ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്

(ബി) 9.8.1996 ൽ

(സി) വിജ്ഞാപനം പുറപ്പെടുവിക്കുമ്പോൾ അസിസ്റ്റന്റ് തസ്തികയിൽ 30 ഒഴിവുകൾ ഉണ്ടായിരുന്നു. ഇത് പിന്നീട് 18 ആയി പുനർനിർണ്ണയം ചെയ്ത് പി.എസ്.സി. യെ അറിയിച്ചിട്ടുണ്ട്.

(ഡി) ഇതുവരെയായി 21 ഉദ്യോഗാർത്ഥികളെ നിയമിച്ചിട്ടുണ്ട്. ഇതിൽ 4 പേർ പിരിഞ്ഞുപോയി

(ഇ) ഏഴ് ഒഴിവുകൾ റിപ്പോർട്ട് ചെയ്യാനുണ്ട്.

(എഫ്) 24 ഉദ്യോഗാർത്ഥികൾ കോർപ്പറേഷനിൽ ജോലിക്ക് ഹാജരായിട്ടില്ല. കൂടാതെ 4 പേർ പിരിഞ്ഞുപോയിട്ടുണ്ട്.

(ജി) ഉണ്ട്.

**45 (1494) സീൽചെയ്ത കച്ചവട സ്ഥാപനങ്ങൾ**

ഡോ. എം.എ. കുട്ടപ്പൻ :

ശ്രീ. പാലോട് രവി :

ശ്രീ. എഴുകോൺ നാരായണൻ :

ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) 1998-99-ൽ ഇതുവരെ എത്ര കച്ചവടസ്ഥാപനങ്ങൾ വില്പന നികുതി വകുപ്പിലെ ഉദ്യോഗസ്ഥൻമാർ റെയ്ഡ് ചെയ്തതിനെത്തുടർന്ന് സീൽ ചെയ്തിട്ടുണ്ട്;

(ബി) ഈ സ്ഥാപനങ്ങൾ സീൽ ചെയ്യുവാനുള്ള കാരണമെന്ത്;

(സി) സീൽ ചെയ്ത സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട ആരെയെങ്കിലും അറസ്റ്റ് ചെയ്തിട്ടുണ്ടോ?

ഉത്തരം

(എ) സംസ്ഥാനത്തൊട്ടാകെ മൂന്ന് കച്ചവടസ്ഥാപനങ്ങൾ കടപരിശോധനയെത്തുടർന്ന് സീൽ ചെയ്തിട്ടുണ്ട്. റെയ്ഡുകൾ നടത്തിയിട്ടില്ല.

(ബി) കടപരിശോധനയിൽ കടയുടമ സഹകരിക്കാതിരിക്കുകയും, പുറത്തുനിന്നുള്ള ആളുകളുടെ സഹായത്തോടെ കൈയേറ്റശ്രമത്തിന് മുതിരുകയും കച്ചവടസ്ഥാപനത്തിൽനിന്ന് ഇറങ്ങിപ്പോകുകയും ചെയ്ത സാഹചര്യത്തിൽ കടയുടേയും സാധനങ്ങളുടേയും സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനുവേണ്ടി പോലീസ് സഹായത്തോടെ കട സീൽ ചെയ്യുകയാണുണ്ടായത്.

(സി) സീൽ ചെയ്ത ആലപ്പുഴയിലെ ലക്ഷ്മി ജുവലറിയുമായി ബന്ധപ്പെട്ട ഏഴുപേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്.

**46 (1495) വില്പനനികുതി സംബന്ധമായ റെയ്ഡുകൾ**

ശ്രീ. കെ. സുധാകരൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. പി.ജെ. ഫ്രാൻസിസ് :
പ്രൊഫ. സാവിത്രി ലക്ഷ്മണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1998-99 ൽ ഇതുവരെ വില്പന നികുതി സംബന്ധമായ എത്ര റെയ്ഡുകൾ നടത്തി;

(ബി) ഇത്തരം റെയ്ഡുകൾക്ക് എന്തെല്ലാം മുൻകരുതൽ സ്വീകരിക്കുന്നുണ്ട്;

(സി) ഈ റെയ്ഡുകളുടെ ഫലമായി വില്പനനികുതിയിൽ എന്തു വർദ്ധനവുണ്ടായി എന്നു അറിയിക്കുമോ?

ഉത്തരം

(എ) വില്പനനികുതി നിയമത്തിലെ 28(3) വകുപ്പുപ്രകാരം ഇന്റലിജൻസ് വിഭാഗം 1828 കടകൾ പരിശോധന നടത്തിയിട്ടുണ്ട്.

(ബി)&(സി) റെയ്ഡുകളല്ല പരിശോധനകളാണ് നടന്നത് നിയമാനുസൃതമായ കടപരിശോധനയ്ക്ക് മുൻകരുതൽ ആവശ്യമില്ല.

പരിശോധന നടത്തിയ കടകളുടെ കണക്കുകൾ പരിശോധിച്ച് നികുതി വെട്ടിപ്പ് തിട്ടപ്പെടുത്തിവരുന്നതേയുള്ളൂ.

**47 (1496) ചെക്ക് പോസ്റ്റുകളിലെ അഴിമതി**

ശ്രീ. എൻ. സുന്ദരൻ നാടാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

145/2010.

LIBRARY ARCHIVES Kerala Legislative Assembly